6. റീസർവ്വെ 233/8-.0.1550, 231/8ൽ 0.0530 ഹെക്ടർ ഭൂമി കൈവശം ഉണ്ട്. സ്വാമി സത്യാനന്ദ സരസ്വതി ചേങ്കോട്ടുകോണം ശ്രീരാമദാസമഠം ശ്രീനീലകണ്ഠപുരം എന്ന പേരിലാണ് നൽകിയിരുന്നത്. റീസർവ്വേ റിക്കാർഡുകൾ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

(എഫ്) ഉണ്ട്. അദാലത്ത് പ്രകാരം എസ്.എ.4656/95 അനുസരിച്ച് റീസർവ്വേ 233/11-ന് 0. 2475 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട്. (ടി മാധവൻപിള്ള മകൻ ശേഖരൻ നായർ) ചങ്ങനാശ്ശേരി എസ്. ആർ. ഒ. യിലെ 3555/1966 നമ്പർ വിലയാധാര പ്രകാരം.

(ജി) മുൻ സർവ്വേ നമ്പർ 1103/22-ൽ 0.1320 ഹെക്ടർ. മുൻ സർവ്വേ 1103/21-ൽ 0.0760 ഹെക്ടർ മുൻ സർവ്വേ 905/2ൽ 0.0121 ഹെക്ടർ ഉൾപ്പെടെ 0.2201 ഹെക്ടർ ഭൂമി കരം ഒടുക്കിയതായി കാണുന്നു. (റ്റി. പി. നം. 5478)

(എച്ച്) ആണ്.

(ഐ) റീസർവ്വേ അദാലത്ത് സർവ്വേ ചെയ്ത ഫസ്റ്റ് ഗ്രേഡ് സർവേയർ ശ്രീ. ബി. രാമചന്ദ്രൻ നായരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. എ. ഗോപാലകൃഷ്ണൻ നായർ, എച്ച്. എസ്സ് (റിട്ടയേർഡ്) ശ്രീ. ബി. രാമചന്ദ്രൻ നായർ (റിട്ടയേർഡ്) സർവ്വേ സൂപ്രണ്ട് എന്നിവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർവക സ്വത്തുകൾ സംരക്ഷിക്കാൻ ഊർജ്ജിത നടപടികൾ കൈക്കൊണ്ടുവരുന്നു.

അയിരൂപ്പാറ വില്ലേജിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകം

5 (602) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിലെ അയിരൂപ്പാറ വില്ലേജിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകം ഉൾപ്പെടുന്ന എത്ര ഹെക്ടർ സ്ഥലം സർക്കാർ വകയായി ഉണ്ടെന്നും അത് ഏതെല്ലാം സർവ്വേ നമ്പരുകളിലാണെന്നും പറയുമോ ;

(ബി) ഈ സ്ഥലം സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയായി നിജപ്പെടുത്തിയപ്പോൾ എത്ര ഹെക്ടർ ഉണ്ടായിരുന്നുവെന്നും ഏതു കാലത്താണ് നിജപ്പെടുത്തിയതെന്നും പറയുമോ ;

(സി) ഈ ഭൂമിയിൽ നിന്നും പുരാവസ്തു വകുപ്പിന് എത്ര സ്ഥലം കൈമാറിയിട്ടുണ്ടെന്നും ബാക്കി എത്ര സ്ഥലം റവന്യൂ ഭൂമിയായി തുടരുന്നുണ്ടെന്നും പറയുമോ ;

(ഡി) ഇവിടത്തെ സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണ് കയ്യേറ്റങ്ങൾ സർക്കാർ കണ്ടെത്തിയതെന്നും പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിൽ ഭൂമി സംരക്ഷണത്തിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) അയിരൂപ്പാറ വില്ലേജിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകത്തിന് 07.02.10 ഹെക്ടർ വിസ്തീർണ്ണം ഉള്ളതും ഈ സ്ഥലം അയിരൂപ്പാറ വില്ലേജിൽ റിസർവ്വേ 233/1-ൽപ്പെട്ടതും മുൻ സർവ്വേ നമ്പർ 1103-ൽ വരുന്നതുമാണ്.

(ബി) ഈ സ്ഥലം 5-9-1994-ൽ തയ്യാറാക്കിയ ബി.റ്റി.ആർ. പ്രകാരം 07.02.10 ഹെക്ടർ ആയിരുന്നു. 26-6-1996-ൽ തയ്യാറാക്കിയ സപ്ലിമെന്ററി ബി.റ്റി.ആർ. പ്രകാരം 06.57.75 ഹെക്ടർ ആണ്.

(സി) പുരാവസ്തു വകുപ്പ് ഡയറക്ടറുടെ അർദ്ധ ഔദ്യോഗിക കത്ത് തീയതി 5-4-1999 നമ്പർ എ2-4198/97/പി.എ പ്രകാരം അയിരൂപ്പാറ വില്ലേജിലെ ഗുഹാക്ഷേത്രം 14-9-1965-ലെ ജി. ഒ. (എം.എസ്.) 499/65/ഇ. ഡി എൻ ഉത്തരവ് പ്രകാരം സംരക്ഷിത സ്മാരകമായും ഗുഹാക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം സംരക്ഷിത പ്രദേശമായും പ്രഖ്യാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കാർഡ് പ്രകാരം ഈ സ്ഥലം സർക്കാർ പുറമ്പോക്കായി ഇപ്പോൾ നില നിർത്തിയിട്ടുണ്ട്.

(ഡി) ഈ പ്രദേശത്ത് ചില നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ 18-3-2000-ൽ തിരുവനന്തപുരം തഹസീൽദാർക്കും സർവ്വേ ജോയിന്റ് ഡയറക്ടർക്കും സ്ഥലം അളന്നു തിരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

(ഇ) ഇക്കാര്യത്തിൽ തിരുവനന്തപുരം തഹസീൽദാർ സർവ്വേ ജോയിന്റ് ഡയറക്ടർ, കഴക്കൂട്ടം റീസർവ്വേ സൂപ്രണ്ട് എന്നിവർ മുഖാന്തിരം വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ റവന്യൂ അഡീഷണൽ സെക്രട്ടറിയും ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറും അന്വേഷണം നടത്തിയിരുന്നു. അന്വേഷണഫല തുടർന്ന് സർക്കാരിന്റെ 5-1-2001-ലെ 47603/ഇ3/00/ആർഡി കത്തു പ്രകാരം വസ്തുവിൻമേൽ ചമച്ചിട്ടുള്ള വിലയാധാരം റദ്ദാക്കുവാനും കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാനും സ്ഥലം അളന്നു തിട്ടപ്പെടുത്തി പുരാവസ്തു വകുപ്പു അധികൃതർക്ക് അതിർത്തി കാണിച്ചുകൊടുക്കുവാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിലയാധാരം റദ്ദാക്കുവാൻ രജിസ്ട്രേഷൻ വകുപ്പിനോടും കയ്യേറ്റം ഒഴിപ്പിക്കുവാനും സ്ഥലം അളന്നു തിട്ടപ്പെടുത്തുവാനും തിരുവനന്തപുരം തഹസീൽദാരോടും സബ് കളക്ടറോടും ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly